സി. എസ്. ഐ.
മദ്ധ്യകേരള മഹായിടവക സൺഡേസ്കൂൾ
138 – ാം വാർഷികം

# ബാലജനപ്പെരുന്നാൾ

## 2018 ആഗസ്റ്റ് 19 ഞായർ

### ബാലജനപ്പെരുന്നാൾ ആഘോഷവാരം

2018 ആഗസ്റ്റ് 12 മുതൽ 19 വരെ



മല്ലനപ്പള്ളി ദൈവാലയം

സ്തോത്രകാഴ്ച – മല്ലനപ്പള്ളിയിലെ സുവിശേഷ വേലയ്ക്ക്

ക്രിസ്തീയ വിദ്യാഭ്യാസ വകുപ്പ് പ്രസിദ്ധീകരണം

# ബിഷപ്പിന്റെ ആശംസ

ക്രിസ്തുയേശുവിന്റെ നാമത്തിൽ സ്നേഹവന്ദനം!

സൺഡേസ്കൂൾ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ബാലജന പ്പെരുന്നാൾ ആശംസകൾ!



സഭയിലെ കുഞ്ഞുങ്ങൾക്ക് ക്രിസ്തുവിനെ പകർന്നു കൊടുക്കുന്ന വലിയ ദൗത്യം നിർവ്വഹിക്കുന്ന സൺഡേ സ്കൂൾ പ്രസ്ഥാനത്തിനു നേതൃത്വം നൽകുന്ന പ്രാദേശീക- ജില്ലാ- മഹായിടവക ഭാരവാഹി കൾക്ക് മഹായിടവക അദ്ധ്യക്ഷൻ എന്ന നില യിൽ നന്ദി അറിയിക്കുന്നു. സൺഡേസ്കൂൾ പ്രവർത്തനങ്ങൾ ഭംഗിയായി ഏകോപിപ്പി ക്കുന്ന ജനറൽ സെക്രട്ടറി റവ. ജിജി ജോൺ ജേക്കബ് അച്ചന്റെ നേതൃമികവിനെ അഭിനന്ദി ക്കുന്നു.

കുട്ടികളെ "നാളെയുടെ വാഗ്ദാനങ്ങൾ" ആക്കി തീർക്കുന്നത് ഇന്നു നൽകുന്ന പരിശീ ലനത്തിലൂടെയാണ്. സഭയുടെ ഭാവി ഭദ്രമാക്ക ണമെങ്കിൽ വളർന്നുവരുന്ന തലമുറയെ ക്രിസ്തുവിൽ അടിസ്ഥാനപ്പെടുത്തി വളർത്തി യെങ്കിൽ മാത്രമേ സാധ്യമാവൂ. സഭയുടെ പ്രമാണങ്ങളും ചട്ടങ്ങളും ബാല്യ ത്തിൽതന്നെ അവർ അറിഞ്ഞിരി ക്കണം. അതിനു സൺഡേസ്കൂൾ പഠനം സഹായകമായി തീരട്ടെ. യേശു ശിശുക്കളെ ദൈവരാജ്യത്തിലെ പൗരന്മാരായിതന്നെയാണ് പരിഗണിച്ചത്. ഓരോ കുട്ടിയും മുതിർന്ന വരെപ്പോലെതന്നെ ബഹുമാനിക്കപ്പെടേണ്ടവരാണ് എന്നതായിരുന്നു യേശു വിന്റെ പക്ഷം. ആ നിലയിൽ നമ്മുടെ കുട്ടികളെ പരിഗണിക്കുവാനും പരി ശീലിപ്പിക്കുവാനും അദ്ധ്യാപകർക്കു കഴിയട്ടെ.

ഈ വർഷത്തെ ബാലജനപ്പെരുന്നാളിൽ റവ. എം. സത്യനാഥൻ അച്ച ന്റെ ജീവചരിത്രമാണല്ലോ പഠനവിഷയമാക്കിയിരിക്കുന്നത്. ഹൈന്ദവനായി ജനിച്ച്, എതിർപ്പുകളും പീഡനങ്ങളും വകവയ്ക്കാതെ ക്രിസ്തുവിനെ രക്ഷി താവായി സ്വീകരിച്ചു. ഒരു പട്ടക്കാരനായി ധീരതയോടെ ഈ മഹായിടവക യിൽ ശുശ്രൂഷ ചെയ്ത അച്ചന്റെ ജീവചരിത്രപഠനം അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രയോജനകരമായി തീരട്ടെ എന്ന് പ്രാർ ത്ഥിക്കുന്നു. ഏവർക്കും ബാലജനപ്പെരുന്നാൾ ആശംസകൾ ഒരിക്കൽക്കൂടി നേർന്നുകൊണ്ട്,

സ്നേഹപൂർവ്വം,

**മോസ്റ്റ് റവ. തോമസ് കെ. ഉമ്മൻ**
മോഡറേറ്റർ & ബിഷപ്പ്

# ജനറൽ സെക്രട്ടറിയിൽനിന്നും

പ്രിയ സൺഡേസ്കൂൾ സ്നേഹിതരേ,

എല്ലാ സൺഡേസ്കൂൾ സ്നേഹിതർക്കും മഹായിടവക സൺഡേസ്കൂൾ ജന്മദിനമായ ബാലജനപ്പെരുന്നാൾ ആശംസകൾ!

മിഷനറി ആഗമന കാലഘട്ടം മുതൽ സൺഡേസ്കൂൾ പ്രവർത്തനം നമ്മുടെ മഹായിടവകയിലെ പല മിഷൻ കേന്ദ്രങ്ങളിലും ആരംഭിച്ചു. എന്നാൽ തിരുവിതാംകൂർ-കൊച്ചി ആംഗ്ലിക്കൻ മഹായിടവകയുടെ പ്രഥമ ബിഷപ്പായിരുന്ന റൈറ്റ് റവ. കെ. എം. സ്പീച്ചിലി ക്രമീകൃതമായ സൺഡേസ്കൂൾ പഠനത്തിന്റെ പാധാന്യം മനസ്സിലാക്കി. തത്ഫലമായി 1880-ൽ ആർച്ച് ഡീക്കൻ ഉമ്മൻ മാമ്മൻ അച്ചന്റെ നേതൃത്വത്തിൽ ക്രമീകൃതമായ സൺഡേസ്കൂൾ പ്രവർത്തനം ആരംഭിച്ചു. 1879-ൽ രൂപീകൃതമായ നമ്മുടെ മഹായിടവകയിൽ ക്രമീകൃതമായ സൺഡേസ്കൂൾ പ്രവർത്തനം ആരംഭിച്ചിട്ട് 138 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. കഴിഞ്ഞ സംവത്സരങ്ങളിൽ നമ്മെ വഴിനടത്തിയ ദൈവത്തിനു സ്തോത്രം ചെയ്യുന്ന കാലയളവായി ബാലജനപ്പെരുന്നാൾ ആഘോഷം മാറട്ടെ എന്ന് ആശിക്കുന്നു. മിഷനറി സഭയായ നമ്മുടെ സഭയുടെ പാരമ്പര്യം കാത്തുസൂക്ഷിച്ചു ക്രിസ്തു ശിഷ്യരാകുവാൻ നമുക്കു സാധിക്കണം.

ഈ വർഷത്തെ ബാലജനപ്പെരുന്നാളിനു പഠനത്തിനും ചിന്തയ്ക്കുമായി നൽകിയിരിക്കുന്നത് ക്രിസ്തു ശിഷ്യനായി ജീവിച്ച റവ. എം. സത്യനാഥന്റെ ചരിത്രകഥയാണ്. ജീവിതത്തിലുണ്ടായ പ്രതിസന്ധികളെ അതിജീവിച്ച് ക്രിസ്തു ശിഷ്യനായി സാക്ഷ്യമുള്ള ജീവിതം നയിച്ച സത്യനാഥൻ അച്ചൻ നമുക്ക് മാതൃകയാണ്. അച്ചന്റെ മാതൃകാപരമായ ജീവിതം അനുകരിക്കുവാൻ മക്കൾക്കും കൊച്ചുമക്കൾക്കും സാധിച്ചു എന്ന യാഥാർത്ഥ്യം നമുക്കു പ്രതീക്ഷ നൽകുന്നതാണ്. അച്ചന്റെ ജീവിതകഥ എല്ലാ കൂട്ടുകാർക്കും പ്രചോദനമാകട്ടെ എന്ന് ആശംസിക്കുന്നു.

ഈ കൈപ്പുസ്തകത്തിലുള്ള പറക്കാൽ മിഷനറിയുടെ കത്ത് നിങ്ങൾ വായിക്കുമല്ലോ. കഴിഞ്ഞ പതിനഞ്ച് വർഷമായി പറക്കാൽ മിഷനിലെ മല്ലനപ്പള്ളി ഗ്രാമത്തിലെ മിഷൻ പ്രവർത്തനങ്ങളിൽ നാം പങ്കാളികളായിരിക്കുകയാണ്. മല്ലനപ്പള്ളിയിൽ ദൈവാലയം നിർമ്മിക്കുന്നതിനും പോർച്ച് പണിയുന്നതിനും ഗ്രാമത്തിൽ കുഴൽക്കിണർ നിർമ്മിക്കുന്നതിനും നമുക്കു സാധിച്ചു. തന്നാണ്ടിൽ പ്രവർത്തകന്റെ ശമ്പളത്തിനും മറ്റു പ്രവർത്തനങ്ങൾക്കുമായി 1,25,000 രൂപ ലഭിക്കേണ്ടിയിരിക്കുന്നു. ഈ വർഷത്തെ ബാലജനപ്പെരുന്നാൾസ്തോത്രകാഴ്ചയിലൂടെ അതു ലഭിക്കണം. അതാത് സൺഡേസ്കൂളിൽ സ്തോത്രകാഴ്ച സമർപ്പണത്തിന് പ്രത്യേകം കവറുകൾ ക്രമീകരിച്ച് സ്തോത്രകാഴ്ച ശേഖരിക്കാം. എല്ലാവരുടെയും ആത്മാർത്ഥ സഹകരണം പ്രതീക്ഷിക്കുന്നു. ലഭിക്കുന്ന സ്തോത്രകാഴ്ച എത്രയും നേരത്തെ ഓഫീസിൽ അടയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ.

എല്ലാ സൺഡേസ്കൂൾ സ്നേഹിതരുടെയും സഹകരണം തുടർന്നും ക്ഷണിക്കുന്നു.

ക്രിസ്തീയ വിദ്യാഭ്യാസ വകുപ്പിനുവേണ്ടി,

കോട്ടയം **റവ. ജിജി ജോൺ ജേക്കബ്**
04-07-2018 ജന. സെക്രട്ടറി

# നന്ദിയോടെ...

പ്രിയ അച്ചൻ/സാർ/ഹെഡ്മാസ്റ്റർ/അദ്ധ്യാപകർ

ക്രിസ്തുയേശുവിന്റെ നാമത്തിൽ സ്നേഹവന്ദനം!

മഹായിടവക ക്രിസ്തീയ വിദ്യാഭ്യാസ വകുപ്പിന്റെ 2017-2018ലെ പ്രവർത്തനങ്ങളിൽ ലഭിച്ച സഹകരണം വിലപ്പെട്ടതായിരുന്നു. ജില്ലാതലത്തിലും മഹായിടവകതലത്തിലും നടത്തുന്ന വിദ്യാർത്ഥി അദ്ധ്യാപക സമ്മേളനങ്ങളിലും കലാമത്സരങ്ങളിലും വാർഷിക സമ്മേളനത്തിലും വി. ബി. എസ്സിലും പരീക്ഷയിലും എൻക്രിസ്റ്റോ സുവാർത്താക്കൂട്ടത്തിലും എല്ലാറ്റിലുമുപരിയായി സൺഡേസ്കൂൾ ക്ലാസ്സുകൾ ക്രമീകൃതമായി നടത്തുന്നതിലുമുണ്ടായ പിന്തുണ ചാരിതാർത്ഥ്യജനകമാണ്. മഹായിടവക ക്രിസ്തീയ വിദ്യാഭ്യാസവകുപ്പിന്റെ നിർദ്ദേശങ്ങൾ കാലവിളംബം കൂടാതെ നടപ്പിലാക്കുവാൻ കാട്ടിയ താത്പര്യം വിസ്മരിക്കാവുന്നതല്ല. സൺഡേസ്കൂൾ ദിനം പ്രത്യേകദിന സ്തോത്രകാഴ്ചയും കവർ പിരിവ്, കേന്ദ്രഫണ്ട്, വി. ബി. എസ്. സമർപ്പണ വിഹിതം എന്നിവ കേന്ദ്ര ഓഫീസിൽ അടച്ചതിൽ ഞങ്ങൾ കൃതാർത്ഥരാണ്.

തന്നാണ്ടത്തെ ബാലജനപ്പെരുന്നാൾ സ്തോത്രകാഴ്ച പറക്കാൽ മിഷനിലെ മല്ലനപ്പള്ളി ഗ്രാമത്തിലെ മിഷനറിയെ സന്ധിക്കുന്നതിനു നൽകി. റവ. വൈ. മോസസ് കുടുംബമായി മല്ലനപ്പള്ളിയിൽ സേവനം അനുഷ്ഠിക്കുന്നു. മിഷൻ ഞായർ സ്തോത്രകാഴ്ച കാട്ടറപ്പള്ളി മിഷനിലെ കുട്ടികൾക്കിടയിൽ നടത്തുന്ന സുവിശേഷപ്രവർത്തനത്തിനു നൽകുന്നതിനിടയായി.

പുതിയ വർഷത്തിലും താങ്കളുടെ വിലപ്പെട്ട സഹകരണം വിനീതമായി അഭ്യർത്ഥിക്കുന്നു.

1. സൺഡേസ്കൂൾ ക്ലാസ്സുകൾ മുടക്കംകൂടാതെ കൃത്യസമയത്ത് നടക്കുന്നു എന്ന് ഉറപ്പുവരുത്തുക.
2. സഭയിലെ എല്ലാ വിദ്യാർത്ഥികളെയും സൺഡേസ്കൂളുമായി ബന്ധിപ്പിക്കുക.
3. സോണൽതലത്തിലുള്ള സൺഡേസ്കൂൾ വ്യക്തിപരമായ ബന്ധം സ്ഥാപിക്കുക.
4. സൺഡേസ്കൂൾ വിദ്യാർത്ഥികളെ ക്രിസ്തുവുമായി സജീവ ബന്ധത്തിൽ വളർത്തുവാൻ ഒരുക്കുക.
5. എൻ ക്രിസ്റ്റോ സുവാർത്തക്കൂട്ടം ക്രമമായി നടത്തുന്നതിന് നേതൃത്വം നൽകുക.

6. നവംബർ 4 അഖിലലോക സൺഡേസ്കൂൾ ദിനമായും സൺഡേസ്കൂൾ ഞായറായും ആചരിക്കുക. സൺഡേസ്കൂൾദിന റാലി ക്രമീകരിക്കുക.
7. കലാമേള, ക്യാമ്പുകൾ എന്നിവയിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുക.
8. പരീക്ഷ കുറ്റമറ്റ രീതിയിൽ നടത്തുവാൻ നേതൃത്വം നൽകുക.
9. എല്ലാ വിദ്യാർത്ഥികളും അദ്ധ്യാപകരും സൺഡേസ്കൂൾ മാസികയായ "ജ്ഞാനസന്ദേശ"ത്തിന്റെ വരിക്കാരാകുവാൻ പ്രോത്സാഹിപ്പിക്കുക. വാർഷിക വരിസംഖ്യ 50 രൂപ മാത്രം.
10. 2018 ഡിസംബർ 25 മുതൽ 30 വരെ പറക്കാൽ മിഷനും മല്ലനപ്പള്ളി ഗ്രാമവും സന്ദർശിക്കുവാൻ 'മിഷൻ ദർശൻ' യാത്ര സൺഡേസ്കൂൾ ക്രമീകരിക്കുന്നു. 25 പേരടങ്ങുന്ന ഗ്രൂപ്പായി പോകുന്നതാണ്. ജെ. എം. എ. ക്യാമ്പിൽ പങ്കെടുത്തവർക്ക് മുൻഗണന നൽകും. പോകുവാനാഗ്രഹിക്കുന്ന അദ്ധ്യാപകരും വിദ്യാർത്ഥികളും ആഗസ്റ്റ് 30 നകം ജനറൽ സെക്രട്ടറിയുമായി ബന്ധപ്പെടുക.

പുതിയ തലമുറയെ ദൈവരാജ്യോന്മുഖതയിൽ വളർത്തുന്ന പ്രക്രിയയിൽ നമുക്കു തുടർന്നും പങ്കാളികളാകാം. ഏവരുടെയും സഹകരണം തുടർന്നും പ്രതീക്ഷിക്കുന്നു.

മഹായിടവക സൺഡേസ്കൂൾ കുടുംബത്തിനുവേണ്ടി,

**എ. കെ. ജോൺസൺ**
*ഓഫീസ് സെക്രട്ടറി*

**ജിജി ജോൺ ജേക്കബ് അച്ചൻ**
*ജനറൽ സെക്രട്ടറി*

# പറക്കാൽ മിഷനിൽനിന്നും...

" ആ നാഴികയിൽ ശിഷ്യന്മാർ യേശുവിന്റെ അടുക്കൽ വന്നു. സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആർ എന്നു ചോദിച്ചു. അവൻ ഒരു ശിശുവിനെ അടുക്കൽ വിളിച്ചു അവരുടെ നടുവിൽ നിറുത്തി. നിങ്ങൾ തിരിഞ്ഞു ശിശുക്കളെപ്പോലെ ആയിത്തീരുന്നില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു. ആകയാൽ ഈ ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആകുന്നു. ഇങ്ങനെയുള്ള ശിശുവിനെ എന്റെ നാമത്തിൽ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു" (മത്തായി. 18:1-5).

യേശുകർത്താവിന്റെ ശുശ്രൂഷ വേളയിൽ കുഞ്ഞുങ്ങൾക്കു നൽകിയ പ്രാധാന്യം എത്ര മഹത്വമാണെന്ന് വിളിച്ചോതുന്ന ബൈബിൾ ഭാഗമാണ് മുകളിൽ ഉദ്ധരിച്ചത്. ക്രിസ്തുവിന്റെ ശരീരമായ നമ്മുടെ സഭയും കുഞ്ഞുങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് ക്രിസ്തീയ വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന എല്ലാ പ്രവർത്തനങ്ങളും ശ്ലാഘനീയമാണ്. കുഞ്ഞുങ്ങളെ ശരിയായ ദിശയിൽ വഴിനടത്തുക എന്നുള്ളത് ഈ കാലത്തിന്റെ വെല്ലുവിളിയാണ്. ഒരു ബാലജനപ്പെരുന്നാൾ കൂടി ആഗതമായിരിക്കുന്ന ഈ സമയം എല്ലാ കൂട്ടുകാർക്കും ആശംസകൾ അറിയിക്കുന്നു.

മദ്ധ്യകേരള മഹായിടവക സൺഡേസ്കൂളിന്റെ അഭിമാനമാണ് പറക്കാൽ മിഷനിലെ മല്ലനപ്പള്ളി എന്ന ഗ്രാമം. ഈ ഗ്രാമത്തിലെ മിഷനറി പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന നിങ്ങളെ ഓർത്ത് അഭിമാനമുണ്ട്. മല്ലനപ്പള്ളി, നാച്ചാരം എന്നീ രണ്ടു ഗ്രാമങ്ങളിൽ നടക്കുന്ന ശുശ്രൂഷകൾ ആ ഗ്രാമങ്ങളുടെ മുഖച്ഛായ തന്നെ മാറ്റുന്നതിനിടയായി തീർന്നു. കഴിഞ്ഞ 4 വർഷങ്ങൾ അവിടെ സേവനം ചെയ്ത റൂബേൻ സാറിനു പകരം റവ. വൈ. മോസസ്സു കുടുംബവും മിഷനറിമാരായി ശുശ്രൂഷ ചെയ്തു വരുന്നു. റവ. വൈ. മോസിസ്സിന്റെ പത്നി പ്രേമ നമ്മുടെ ബെഥേൽ ആശ്രമത്തിലെ മകളാണ്.

അവരുടെ ശുശ്രൂഷകളെ നിങ്ങളുടെ പ്രാർത്ഥനയിൽ ഓർക്കണം. ഇനിയും യേശുവിനെ അറിയാത്ത വ്യക്തികളും കുടുംബങ്ങളും അവിടെ ഉണ്ട്. അന്ധവിശ്വാസത്തിന്റെയും അനാചാരത്തിന്റെയും അടിമത്വത്തിൽ കഴിയുന്ന അവരെയും ക്രിസ്തുവിലേക്ക് നേടേണ്ടത് നമ്മുടെ ധർമ്മമാണ്. ഈ ബാലജനപ്പെരുന്നാൾ ആഘോഷവേളയിൽ മല്ലനപ്പള്ളിയെ ഓർക്കുവാൻ എല്ലാ കൂട്ടുകാരെയും ഞാൻ ഓർപ്പിക്കുന്നു. നിങ്ങളുടെ കരുതലിനും സ്നേഹത്തിനും നന്ദി അർപ്പിക്കുന്നതോടൊപ്പം മല്ലനപ്പള്ളിയിലെ മിഷൻ പ്രവർത്തനങ്ങൾ കാണുവാൻ എല്ലാവരേയും സ്വാഗതം ചെയ്യുന്നു.

സ്നേഹാദരങ്ങളോടെ,

**റവ. ഷാലു റ്റി. മാത്യു**

മിഷനറി ഇൻ ചാർജ്, പറക്കാൽ മിഷൻ

# ബാലജനപ്പെരുന്നാൾ ആഘോഷവാരം

ബാലജനപ്പെരുന്നാൾ ആഘോഷവാരം 2018 ആഗസ്റ്റ് 12 മുതൽ 19 വരെ ക്രമീകരിക്കുവാൻ എല്ലാ സൺഡേസ്കൂളുകളും ശ്രദ്ധിക്കുമല്ലോ. വാരാഘോഷ പരിപാടികൾ താഴെപ്പറയുന്നവിധം ക്രമീകരിക്കാവുന്നതാണ്.

**ആഗസ്റ്റ് 12 ഞായർ.** ബാലജനപ്പെരുന്നാൾ ആഘോഷവാര ഉദ്ഘാടനം പള്ളി ആരാധനയ്ക്കുശേഷം ക്രമീകരിക്കുക. സൺഡേസ്കൂൾ അദ്ധ്യാപക രക്ഷാകർത്തൃ സമ്മേളനവും ഇതോടൊപ്പം നടത്തണം. സൺഡേസ്കൂൾ പി. റ്റി. എ. ഇല്ലാത്ത സഭകളിൽ പി. റ്റി. എ. ആരംഭിക്കണം. ചുമതലക്കാരെ തെരഞ്ഞെടുത്ത് സൺഡേസ്കൂൾ പ്രവർത്തനം സജീവമാക്കുവാൻ ശ്രദ്ധിക്കണം. ആവശ്യമെങ്കിൽ മാതാപിതാക്കളോടു സംസാരിക്കുവാൻ ഒരു അതിഥിയെ ക്ഷണിക്കണം.

**ആഗസ്റ്റ് 13 തിങ്കൾ:** പഠനവും ചർച്ചയും. വിഷയം: "ലഹരിരഹിത തലമുറ". ചർച്ചയ്ക്കാവശ്യമായ നിർദ്ദേശങ്ങൾ അദ്ധ്യാപകർ നൽകുക. ചർച്ചയിൽ സജീവമായി പങ്കെടുക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക. ലഹരികൾക്ക് അടിമകളാകാതെ ജീവിക്കുന്നതിനുള്ള തീരുമാനങ്ങൾ നടപ്പിലാക്കുവാൻ വിദ്യാർത്ഥികളെ ഒരുക്കുക.

**ആഗസ്റ്റ് 14 ചൊവ്വ:** "സുഹൃദ്സംഗമം". 5.00 p.m. മുതൽ 6.00 p.m. വരെ ചെറിയ ഗ്രൂപ്പുകളായി അവരവരുടെ ഏരിയായിലെ ഏതെങ്കിലുമൊരു ഭവനത്തിൽ അദ്ധ്യാപകരുടെ നേതൃത്വത്തിൽ കൂടണം. സൺഡേസ്കൂളിന്റെ അഭ്യുദയകാംക്ഷികളെ പങ്കെടുപ്പിച്ചുകൊണ്ട് ബാലജനപ്പെരുന്നാൾ ആഘോഷപരിപാടികളുടെ അനുഗ്രഹകരമായ നടത്തിപ്പിനുവേണ്ടി പ്രാർത്ഥിക്കുക. സൺഡേസ്കൂൾ മെച്ചപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങൾ സ്വീകരിക്കുക.

**ആഗസ്റ്റ് 15, 16 (ബുധൻ, വ്യാഴം):** ഭവന സന്ദർശനം. വൈകിട്ട് 4.30 p.m. മുതൽ 7.00 p.m.വരെ അദ്ധ്യാപകരും വിദ്യാർത്ഥികളും ഗ്രൂപ്പുകളായി ഭവനങ്ങൾ സന്ദർശിക്കുക.

**ഉദ്ദേശ്യം**

1. സൺഡേസ്കൂളിനു വരാത്ത കുട്ടികളെ സ്വാഗതം ചെയ്യുക.
2. വൃദ്ധജനങ്ങൾക്കും രോഗികൾക്കുംവേണ്ടി പ്രാർത്ഥിക്കുക.
3. "ജ്ഞാനസന്ദേശം" മാസിക ഇല്ലാത്ത വീടുകളിൽ വരിക്കാരെ കണ്ടെത്തുക. വരിസംഖ്യ പുതുക്കാത്തവരുടെ വരിസംഖ്യ സമാഹരിക്കുക. വാർഷിക വരിസംഖ്യ 50 രൂപ മാത്രം
4. പറക്കാൽ മിഷനിൽ നൽകുവാൻ ഉപയോപ്രദമായ പഴയ വസ്ത്രങ്ങൾ, സ്കൂൾ ബാഗ് എന്നിവ ശേഖരിക്കുക.

5. അദ്ധ്യാപകരും മാതാപിതാക്കന്മാരുമായുള്ള വ്യക്തിബന്ധം ശക്തമാക്കുക.

6. ബാലജനപ്പെരുന്നാളിനെപ്പറ്റി ഓർപ്പിക്കുക.

7. 'എൻക്രിസ്റ്റോ സുവാർത്താക്കൂട്ടം' രൂപീകരിക്കുവാൻ എല്ലാ കുട്ടികളുടെയും മാതാപിതാക്കളുടെയും സഹകരണം അഭ്യർത്ഥിക്കുക.

8. സൺഡേസ്കൂൾ ലൈബ്രറിക്ക് പുസ്തകങ്ങൾ ശേഖരിക്കുക.

**ആഗസ്റ്റ് 17 വെള്ളി:** 'കയ്യെഴുത്തു മാസിക'യുടെ പ്രവർത്തന തുടക്കം. ഈ വർഷത്തെ ബാലജനപ്പെരുന്നാളിനോട് അനുബന്ധിച്ച് കുട്ടികളുടെ കൂട്ടായ ശ്രമഫലമായി എല്ലാ സൺഡേസ്കൂളുകളും ഒരു കയ്യെഴുത്തു മാസിക പ്രസിദ്ധീകരിക്കുക. (നിബന്ധനകൾ അടുത്ത പേജിൽ ചേർക്കുന്നു.)

**ആഗസ്റ്റ് 18 ശനി:** രാവിലെ സഭയിൽ ഒത്തുകൂടുക, പള്ളിപ്പരിസരം ശുചിയാക്കുക, കയ്യെഴുത്തു മാസികയ്ക്കുവേണ്ടിയുള്ള കഥകൾ, കവിതകൾ, ലേഖനങ്ങൾ, ചിത്രങ്ങൾ, ചിത്രകഥകൾ തുടങ്ങിയവ ശേഖരിക്കുക.

**ആഗസ്റ്റ് 19 ഞായർ:** ബാലജനപ്പെരുന്നാൾ ആഘോഷ സമാപനം. സൺഡേസ്കൂൾ ആരാധനയ്ക്കു പ്രത്യേക ആരാധനാക്രമം ഉപയോഗിക്കുക. കഥ പറയുവാനുള്ള വ്യക്തിയെ മുൻകൂട്ടി ക്രമീകരിക്കുക. സ്തോത്രകാഴ്ച മിഷനറി പ്രവർത്തനത്തിനു വേണ്ടിയുള്ളതാണെന്നു കുട്ടികളെ പറഞ്ഞു മനസ്സിലാക്കുക. മല്ലനപ്പള്ളി സുവിശേഷവേലയ്ക്കുവേണ്ടി പ്രത്യേകം സ്തോത്രകാഴ്ച എടുക്കുക. സൗകര്യമുള്ള സംഥലങ്ങളിൽ റാലി ക്രമീകരിക്കുക.

ആഘോഷങ്ങൾക്ക് മാറ്റു കൂട്ടത്തക്കവണ്ണമുള്ള പ്രവർത്തനങ്ങൾ അതത് യൂണിറ്റിന്റെ സൗകര്യാർത്ഥം ക്രമീകരിക്കുക. ബാലജനപ്പെരുന്നാൾ വാരാഘോഷത്തിന്റെ റിപ്പോർട്ട് എല്ലാ സൺഡേസ്കൂളുകളും ആഗസ്റ്റ് 30-ാം തീയതി തന്നെ ഓഫീസിലേക്ക് അയച്ചുതരുമല്ലോ.

NB: എല്ലാ പ്രോഗ്രാമുകളും ഇടവകപ്പട്ടക്കാരനുമായി/ സഭാപ്രവർത്തകനുമായി ആലോചിച്ചു മാത്രം ക്രമീകരിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## കയ്യെഴുത്തു മാസിക

ഇടവക കേന്ദ്രസഭയ്ക്കും ഉപസഭയ്ക്കും പ്രത്യേക സമ്മാനം.

ഒന്നാം സമ്മാനം: 1500 രൂപ വിലവരുന്ന പുസ്തകങ്ങൾ.

രണ്ടാം സമ്മാനം: 1000 രൂപ വിലവരുന്ന പുസ്തകങ്ങൾ.

മൂന്നാം സമ്മാനം: 750 രൂപ വിലവരുന്ന പുസ്തകങ്ങൾ.

NB: *സമ്മാനം ലഭിക്കാത്ത ജില്ലയിലെ ഒരു മികച്ച മാസികയ്ക്കു പ്രോത്സാഹന സമ്മാനം നൽകും.*

## നിബന്ധനകൾ

1. കയ്യെഴുത്തു മാസികയിലെ സൃഷ്ടികൾ, കൈപ്പട ലേ ഔട്ട് എന്നിവ സൺഡേസ്കൂൾ കുട്ടികളുടേത് തന്നെയാണെന്ന് പ്രധാനാദ്ധ്യാപകൻ ഉറപ്പു വരുത്തേണ്ടതാണ്.
2. പ്രസ്തുത വിവരം ആമുഖത്തിൽ സൂചിപ്പിച്ചിരിക്കണം.
3. മാസികയ്ക്ക് ഒരു പത്രാധിപസമിതിയും ചീഫ് എഡിറ്ററും ഉണ്ടായിരിക്കണം.
4. ചീഫ് എഡിറ്ററും ലേ ഔട്ട് ചെയ്യുന്നതും കുട്ടികൾ തന്നെയായിരിക്കണം.
5. കുട്ടികളുടെ സൃഷ്ടികൾ 50 പേജിൽ കൂടരുത്. 25 പേജിൽ കുറയുകയുമരുത്. (സന്ദേശങ്ങൾ, ആമുഖം, ആശംസകൾ, ഉള്ളടക്കം, കവർ പേജ് എന്നിവ ഒഴികെ).
6. $A^4$ പേപ്പറിൽ മാത്രമേ എഴുതാൻ പാടുള്ളൂ.
7. സൃഷ്ടികൾ വൈവിധ്യം പുലർത്തുന്നതായിരിക്കണം. (ലേഖനം, കഥ, കവിത, പദപ്രശ്നം, വിവിധതരം ചിത്രങ്ങൾ, നുറുങ്ങുകൾ തുടങ്ങിയവ).
8. ആശയം നിലവാരം പുലർത്തുന്നതായിരിക്കണം. എല്ലാ സൃഷ്ടികളും ചിന്താവിഷയത്തെ അടിസ്ഥാനമാക്കിയുള്ളതാകണമെന്നില്ല.
9. ഭാഷാശുദ്ധി, അക്ഷരശുദ്ധി എന്നിവ പരിഗണിക്കുന്നതാണ്.
10. ഇംഗ്ലീഷ്, മലയാളം ഭാഷകളിലുള്ള സൃഷ്ടികൾ അഭികാമ്യമാണ്.
11. കവർ പേജ് ആകർഷകമായിരിക്കണം, മാസികയ്ക്ക് അനുയോജ്യമായ പേര് നൽകിയിരിക്കണം.
12. കലാപരമായ പേജ് ക്രമീകരണം., അതിന്റെ ഭംഗി എന്നിവ പരിഗണിക്കുന്നതാണ്.
13. ആഗസ്റ്റ് 20–ാം തീയതി തന്നെ മാസികയുടെ പണി പൂർത്തീകരിച്ച് **2018 ആഗസ്റ്റ് 22–ാം തീയതി 4.30 പി. എം.**ന് മുമ്പായി സൺഡേസ്കൂൾ ഓഫീസിൽ എത്തിക്കുന്ന മാസികകൾ മാത്രമേ സമ്മാനത്തിനായി പരിഗണിക്കുകയുള്ളൂ.

# ബാലജനപ്പെരുന്നാൾ ശുശ്രൂഷാക്രമം

**പ്രാരംഭ പ്രസ്താവന:**

കൂട്ടുകാരെ, നാം വീണ്ടും ബലജനപ്പെരുന്നാൾ ആചരിക്കുകയാണ് 138-ാമത്തെ ബാലജനപ്പെരുന്നാളാണ് നാം ഇന്ന് ആഘോഷിക്കുന്നത്. എന്താണ് ബാലജനപ്പെരുന്നാൾ? (അൽപ്പം നിർത്തുക) നമ്മുടെ മഹായിട വകയിൽ ക്രമീകൃതമായി സൺഡേസ്കൂൾ ആരംഭിച്ചതിന്റെ ഓർമ്മയാണ് ബാലജനപ്പെരുന്നാൾ. കഴിഞ്ഞ 138 വർഷങ്ങൾ നമ്മുടെ സൺഡേസ്കൂൾ പ്രസ്ഥാനത്തെ നടത്തിയ കർത്താവിന്റെ കരുണകൾക്കായി നമുക്ക് സ്തോത്രം ചെയ്യാം.

നമ്മുടെ സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കു പിന്നിൽ ഒട്ടും വിശ്രമമില്ലാതെ ശുശ്രൂഷ ചെയ്ത അനേകരുണ്ട്. പ്രതിഫലം ഒന്നും വാങ്ങാതെ പൂർണ്ണ സമർപ്പണത്തോടും ത്യാഗമനോഭാവത്തോടുമാണ് അവർ പ്രവർത്തിച്ചത്. പ്രത്യേകമായി നമ്മുടെ മഹായിടവകയിൽ ക്രമീകൃത സൺഡേസ്കൂൾ ആരംഭിച്ച ആർച്ചു ഡീക്കൻ ഉമ്മൻ മാമ്മനച്ചന്റെ സേവനങ്ങൾ വളരെ ശ്രേഷ്ഠമാണ്. ഈ നാളുകളിൽ സൺഡേസ്കൂൾ പ്രസ്ഥാനത്തെ സഹായിക്കുന്ന എല്ലാവരെയും ഓർക്കാം. ദൈവത്തിന് നന്ദി അർപ്പിക്കാം.

ഈ വർഷത്തെ നമ്മുടെ ചിന്താവിഷയം എന്താണെന്നറിയാമോ? “രൂപാന്തരീകരണത്തിനായി രൂപാന്തരപ്പെടുക” എന്നതാണ്. ദൈവത്തിന്റെ കൈകളിൽ രൂപാന്തരപ്പെട്ടവരായി നമുക്കു മാറാം. മറ്റുള്ളവരെ രൂപാന്തരത്തിലേക്കു നയിക്കുന്ന ദൈവത്തിനിഷ്ടമുള്ള കുഞ്ഞുങ്ങളായി വളരാം.

**പ്രാരംഭ പ്രാർത്ഥന**

പൈതങ്ങളെ സ്നേഹിക്കുന്ന ദൈവമേ, ബാലജനപ്പെരുന്നാൾ ആഘോഷിക്കുവാൻ ഞങ്ങളെ സഹായിക്കുന്നതിനു സ്തോത്രം. മാലാഖമാരും, കിളികളും ചെടികളും പൂക്കളും അങ്ങയെ ആരാധിക്കുന്നതിനൊപ്പം ഞങ്ങളും അങ്ങയെ മഹത്വപ്പെടുത്തുന്നു. ഞങ്ങളുടെ തെറ്റുകുറ്റങ്ങളെ ഓർക്കാനും പ്രാർത്ഥിക്കാനും നല്ല പാഠം പഠിക്കാനും ഞങ്ങളെ ഇന്നു സഹായിക്കണമേ. അവിടുത്തെ പുത്രനും ഞങ്ങളുടെ കൂട്ടുകാരനുമായ യേശുക്രിസ്തു മൂലം ഞങ്ങൾ അങ്ങയോടപേക്ഷിക്കുന്നു. ആമേൻ.

**പാട്ട്: കീർത്തനം 317/319**

ശുശ്രൂഷകൻ : പൈതങ്ങളെ കർത്താവിന്റെ അടുക്കൽ വരുവാൻ വിടുവിൻ അവരെ തടുക്കരുത് ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതു ആകുന്നു.

യഹോവയ്ക്കു സ്തോത്രം ചെയ്വിൻ അവൻ നല്ലവനല്ലോ; അവന്റെ ദയ എന്നേക്കുമുള്ളത്.

ശുശ്രൂ. : കർത്താവേ, ഞങ്ങളുടെ അധരങ്ങളെ തുറക്കേണമേ.

പ്രതിവാക്യം : എന്നാൽ ഞങ്ങളുടെ വായ് നിന്റെ സ്തുതിയെ വർണ്ണിക്കും.

ശുശ്രൂ. : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും മഹത്വം ഉണ്ടാകട്ടെ.

പ്രതിവാക്യം : ആദിയിങ്കലും ഇപ്പോഴും എന്നേക്കും ഉള്ളപ്രകാരം തന്നെ. ആമെൻ.

ശുശ്രൂ. : നമുക്ക് നമ്മുടെ പാപങ്ങളെ ദൈവസന്നിധിയിൽ വിനയമായി ഏറ്റുപറയാം.

(മുട്ടുകുത്തുക, പ്രാർത്ഥന ചൊല്ലിക്കൊടുക്കുകയും പിന്നാലെ എല്ലാവരും ഏറ്റുചൊല്ലുകയും ചെയ്യാം.)

കരുണയുള്ള കർത്താവേ, വാക്കിലും ചിന്തയിലും പ്രവൃത്തിയിലും ഞങ്ങൾ പാപം ചെയ്തുപോയി. മറ്റുള്ളവരെ സ്നേഹിക്കാതിരുന്നതും മുതിർന്നവരോടും ദൈവത്തോടും അനുസരണക്കേട് കാണിച്ചതും ക്ഷമിക്കണമെ. വേദപാഠങ്ങൾ അനുസരിച്ച് നല്ല കുഞ്ഞുങ്ങളായി ജീവിക്കാൻ ഞങ്ങളെ സഹായിക്കണമേ. ദൈവനാമ മഹത്വത്തിനായി ജീവിക്കാനും പ്രവർത്തിക്കാനും ഞങ്ങളെ ശക്തീകരിക്കണമെന്ന് യേശു മുഖാന്തരം ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നു. ആമേൻ..

ശുശ്രൂ. : ബാലൻ തന്റെ നടപ്പിനെ നിർമ്മലമാക്കുന്നതെങ്ങനെ?

പ്രതിവാക്യം : ദൈവത്തിന്റെ വചനത്താൽ തന്റെ വഴികളെ സൂക്ഷിക്കുന്നതിനാൽ തന്നെ. ആമേൻ.

**സങ്കീ. : 146**

**പാഠം 1 : യെശ.6:1–8**

**പാഠം 2 : 2കൊരി. 3:1–11**

**അപ്പൊസ്തല വിശ്വാസപ്രമാണം** (എല്ലാവരും എഴുന്നേറ്റുനിന്നു ചൊല്ലുക)

**മദ്ധ്യസ്ഥ പ്രാർത്ഥന**

ശുശ്രൂ. : കർത്താവു നിങ്ങളോടുകൂടെ ഇരിക്കട്ടെ.

പ്രതിവാക്യം : നിങ്ങളുടെ ആത്മാവോടുകൂടെയും.

ശുശ്രൂ. : **നമുക്കു പ്രാർത്ഥിക്കാം.**

(ഓരോ പ്രാർത്ഥനയുടെയും പിന്നാലെ **"കർത്താവേ, കരുണയുണ്ടാകേണമേ"** എന്നു പ്രതിവാക്യമായി പറയണം.)

ശുശ്രൂ. : ഞങ്ങളുടെ മഹായിടവകയ്ക്കായും ബിഷപ്പിനായും എല്ലാ പട്ടക്കാർക്കും സഭാപ്രവർത്തകർക്കായും ജനങ്ങൾക്കായും ഞങ്ങൾ അപേക്ഷിക്കുന്നു

| | | |
|---|---|---|
| പ്രതി. | : | കർത്താവേ, കരുണയുണ്ടാകേണമേ |
| ശുശ്രൂ. | : | ക്രിസ്തീയ വിദ്യാഭ്യാസ വകുപ്പിനായും അതിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന ജനറൽ സെക്രട്ടറി, ഓഫീസ് സെക്രട്ടറി, ഡിസ്ട്രിക്ട് സെക്രട്ടറിമാർ എന്നിവരുടെ പ്രവർത്തനങ്ങൾക്കായി ഞങ്ങൾ പ്രാർത്ഥിക്കുന്നു |
| പ്രതി. | : | കർത്താവേ, കരുണയുണ്ടാകേണമേ |
| ശുശ്രൂ. | : | ഞങ്ങളുടെ മഹായിടവകയിലെ എല്ലാ സൺഡേസ്കൂളുകൾക്കും പ്രധാന അധ്യാപകർക്കും അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി ഞങ്ങൾ പ്രാർത്ഥിക്കുന്നു |
| പ്രതി. | : | കർത്താവേ, കരുണയുണ്ടാകേണമേ |
| ശുശ്രൂ. | : | കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കുന്ന എല്ലാ ക്രിസ്തീയ സംഘടനകളെയും പ്രത്യേകിച്ച് സി. എസ്. എസ്. എം., ചൈൽഡ് ഇവാഞ്ചലിസം ഫെലോഷിപ്പ്, സീഫി എന്നീ സംഘടനകളെയും അവരുടെ പ്രവർത്തനങ്ങൾക്കായും ഞങ്ങൾ പ്രാർത്ഥിക്കുന്നു. |
| പ്രതി. | : | കർത്താവേ, കരുണയുണ്ടാകേണമേ |
| ശുശ്രൂ. | : | പറക്കാൽ മിഷനിലെ മല്ലനപ്പള്ളി ഗ്രാമത്തിൽ സൺഡേസ്കൂളിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന സുവിശേഷ പ്രവർത്തനങ്ങൾക്കും രൂബൻ എന്ന മിഷനറിക്കും കുടുംബത്തിനുമായി ഞങ്ങൾ പ്രാർത്ഥിക്കുന്നു. |
| പ്രതി. | : | കർത്താവേ, കരുണയുണ്ടാകേണമേ. |
| ശുശ്രൂ. | : | സൺഡേസ്കൂളിൽ പഠിക്കുന്നതിലൂടെ ഞങ്ങളുടെ ജീവിതങ്ങൾ രൂപാന്തരപ്പെടുവാൻ സഹായിക്കേണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. |
| പ്രതി. | : | കർത്താവേ, കരുണയുണ്ടാകേണമേ. |
| ശുശ്രൂ. | : | മിഷനറി ആഗമനത്തിന്റെ 200-ാം വർഷം ആചരിക്കുമ്പോൾ ഞങ്ങളും കർത്താവിന്റെ വേലയ്ക്കായി സ്വയം സമർപ്പിക്കുവാനും കർത്താവിനായി ജീവിക്കാനും പ്രാപ്തരാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. |
| പ്രതി. | : | കർത്താവേ, കരുണയുണ്ടാകേണമേ. |
| ശുശ്രൂ. | : | ഞങ്ങളുടെ നല്ല ഗുരുനാഥനായ യേശുവേ, പുത്രൻ മുഖാന്തരം ചോദിക്കുന്നതിന് ഉത്തരം നൽകുമെന്ന് വേദവാക്യങ്ങൾ ഉറപ്പ് നൽകുന്നുവല്ലോ. ഞങ്ങൾ പ്രാർത്ഥിച്ച കാര്യങ്ങൾ ഞങ്ങൾക്ക് തരുവാൻ അങ്ങേയ്ക്ക് ഇഷ്ടം ഉണ്ടാകണമേ. അങ്ങനെ ഞങ്ങൾ മിഷനറിമാരെപ്പോലെ അങ്ങയെ സാക്ഷിക്കുന്നവരാകാൻ സഹായിക്കണമെന്ന് ഞങ്ങൾ അങ്ങയോടപേക്ഷിക്കുന്നു. ആമേൻ. |

| | | |
|---|---|---|
| ശുശ്രൂ. | : | **ദൈവം നൽകിയ നന്മകൾക്കായി അനുഗ്രഹങ്ങൾക്കായി ദൈവത്തിനു നമുക്ക് സ്തോത്രം ചെയ്യാം.** |

(ഓരോ പ്രാർത്ഥനയുടെയും പിന്നാലെ **"കർത്താവേ ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു"** എന്നു പ്രതിവാക്യമായി പറയാം.)

| | | |
|---|---|---|
| ശുശ്രൂ. | : | 1947 സെപ്റ്റംബർ 27-ന് സി. എസ്. ഐ. സഭ രൂപീകരിച്ചതിനായും ഞങ്ങളുടെ മഹായിടവകയ്ക്കായും അതിൽ കഴിഞ്ഞ കാലങ്ങളിൽ പ്രവർത്തിച്ചിട്ടുള്ള ബിഷപ്പന്മാർക്കായും പട്ടക്കാർക്കായും ശുശ്രൂഷകർക്കായും സ്ത്രീജനപ്രവർത്തകർക്കായും സ്വമേധാവേലക്കാർക്കായും. |
| പ്രതി. | : | കർത്താവേ, ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു. |
| ശുശ്രൂ. | : | 1786-ൽ ഇൻഡ്യയിൽ സൺഡേസ്കൂൾ പ്രസ്ഥാനം ആരംഭിച്ചതിനായും 1880-ൽ നമ്മുടെ മഹായിടവകയിൽ ഉമ്മൻ മാമ്മനച്ചന്റെ നേതൃത്വത്തിൽ സൺഡേസ്കൂൾ ക്രമീകൃതമായി ആരംഭിച്ചതിനായും |
| പ്രതി. | : | കർത്താവേ.... |
| ശുശ്രൂ. | : | 1816-ൽ മിഷനറി ആഗമനം മുതൽ കാലാകാലങ്ങളിൽ നമ്മുടെ മഹായിടവകയിൽ സൺഡേസ്കൂളിനു നേതൃത്വം കൊടുത്ത ഏവർക്കുമായും |
| പ്രതി. | : | കർത്താവേ..... |
| എല്ലാവരും | : | സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.... |
| ശുശ്രൂ. | : | വാഴ്ത്തപ്പെട്ട കർത്താവേ, ഇന്നത്തെ ആരാധനയിൽ അവിടുത്തെ ദിവ്യമായ സാന്നിദ്ധ്യം ഉണ്ടായിരുന്നതിനായി സ്തോത്രം. തുടർന്നുള്ള പഠനവും ഞങ്ങൾക്ക് ഏറ്റവും അനുഗ്രഹകരമായി തീരുവാനും ഞങ്ങളുടെ ജീവിതങ്ങളെ നിനക്കു പ്രതിഷ്ഠിക്കുവാനും ഞങ്ങൾക്കു സഹായിക്കണമെന്ന് ഞങ്ങളുടെ രക്ഷിതാവും കർത്താവുമായ യേശു മശിഹായുടെ നാമത്തിൽ അപേക്ഷിക്കുന്നു. ആമേൻ. |
| **പാട്ട്** | : | **സ്തോത്രകാഴ്ച. ഗീതം 216/407** |
| **കഥാകഥനം** | : | (കഥ അന്യത്ര) റവ. എം. സത്യനാഥൻ |

**സമാപന പ്രാർത്ഥനയും ആശീർവാദവും.**

# റവ. എം. സത്യനാഥൻ –

## ക്രിസ്തുവിനെ നേടുവാൻ സകലവും ഉപേക്ഷിച്ചവ ദൈവദാസൻ

*"ഞാൻ യേശുക്രിസ്തു നിമത്തം എല്ലാം ഉപേക്ഷിച്ചു ചവർ എന്നു എണ്ണുന്നു" (ഫിലി. 3:11ff)*

ഉന്നത ഹൈന്ദവ കുടുംബത്തിൽ ജനിച്ചു ക്രിസ്തു സ്നേഹത്താൽ പിടിപ്പെട്ടു, ക്രിസ്തുവിൽ പാത്രമായി തീർന്ന പരേതനായ റവ. എം. സത്യനാഥൻ അച്ചന്റെ ജീവിതകഥയാണ് പഠനവിഷയമാക്കുന്നത്. ഈ ജീവിതകഥ നമുക്ക് ഉത്തജനമേകി ക്രിസ്തുവിനുവേണ്ടി എല്ലാ പ്രതിസന്ധിയുടെയും മദ്ധ്യത്തിൽ മാറാതെ പിൻഗമിക്കുന്ന ക്രിസ്തുസാക്ഷിയായി നിൽക്കും എന്ന പ്രതിജ്ഞ പുറപ്പെടുവിക്കാൻ ഇടയാകട്ടെ.

**1. ജനനവും ബാല്യവും**

കോട്ടയം, കുറവിലങ്ങാടിനു സമീപം കാട്ടാമ്പാക്ക് എന്ന ഗ്രാമത്തിൽ പുരാതന ഹിന്ദു തറവാട്ടിലാണ് സത്യനാഥനച്ചൻ ജനിച്ചത്. ചെറുപ്പം മുതൽതന്നെ മാതാപിതാക്കൾ ഭക്തിയിലും ആചാരാനുഷ്ഠാനങ്ങളിലും തങ്ങളുടെ പുത്രനെ വളർത്തി. കുടുംബക്ഷേത്രത്തിൽ തൊഴുവാൻവേണ്ടി പോകുമ്പോൾ മകനെ ചേർത്തുപിടിച്ച് "എന്റെ മകന് നല്ല ബുദ്ധി കൊടുക്കണെ, നല്ലവനാക്കണേ" എന്ന പ്രാർത്ഥന, തന്റെ കുറവുകളെക്കുറിച്ച് ചെറുപ്പത്തിൽ തന്നെ ചിന്തിക്കുന്നതിനും ഒരു നല്ല കുട്ടിയായി തീരുന്നതിനുള്ള നാമജപ പ്രാർത്ഥനകളിൽ ഏർപ്പെടുത്തുന്നതിനും ഇടയാക്കി. തന്റെ തെറ്റുകളും കുസൃതികളും മൂലമുണ്ടാകുന്ന കുഴപ്പങ്ങൾ തന്നെ അലട്ടുകയും അതു മറികടക്കുന്നതിനായി കടുത്ത ഭക്തി ആചാരങ്ങളിൽ ഏർപ്പെടുകയും ചെയ്തു. എങ്കിലും അതൊന്നും തനിക്ക് വേണ്ടുന്ന ശാന്തി നൽകുന്നതല്ലായിരുന്നു.

**വിദ്യാഭ്യാസം**

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനായി കുറവിലങ്ങാട് പുതുതായി ആരംഭിച്ച കത്തോലിക്ക സ്കൂളിൽ ചേർന്നപ്പോഴാണ്, ക്രിസ്തീയ വിശ്വാസത്തെ ആദ്യമായി അടുത്തറിയുന്നത്. എന്നാൽ ക്രിസ്തുമതത്തിൽ (കത്തോലിക്കസഭയിൽ) പരിചയപ്പെട്ട ആചാരാനുഷ്ഠാന രീതിയും മദ്യപാനശീലവും കേട്ടറിവുകളും ക്രിസ്ത്യാനിയെക്കുറിച്ചുള്ള പരിഹാസ്യമായ അറിവു നൽകുവാനേ ഉപകരിച്ചുള്ളൂ. തുടർന്ന് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി വൈക്കത്ത് താമസിച്ച് പഠിച്ചത് സാഹിത്യ അഭിരുചി വർദ്ധിപ്പിക്കുവാനും ചെറിയ എഴുത്തുകാരനാകുവാനും അങ്ങനെ സ്വാതന്ത്ര പ്രസ്ഥാനത്തോട് അടുക്കുവാനും ഇടയാക്കി. ഇതേ കാലത്തു തന്നെ ആര്യസമാജത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കാളിയായത് ഹിന്ദു മതത്തിലെ കാപട്യങ്ങളെ തിരിച്ചറിയുന്നതിനും അതി

ലൂടെ താൻ അനുഷ്ഠിച്ചു പോന്ന വിശ്വാസ പാരമ്പര്യത്തിനു ഇടിവുതട്ടുവാനുമിടയായി. എന്നാൽ പെട്ടെന്നുണ്ടായ അമ്മാവന്റെ മരണം വിദ്യാഭ്യാസം തടസ്സപ്പെടുത്തി.

**ക്രിസ്തുവുമായുള്ള കണ്ടുമുട്ടൽ**

വിദ്യാഭ്യാസം നിലച്ചപ്പോൾ കുടുംബത്തിലേക്ക് മടങ്ങുവാനുള്ള താത്പര്യം ഇല്ലാഞ്ഞതു മൂലം കോഴിക്കോട്ടു പ്രവർത്തിക്കുന്ന ഒരു വാരികയുടെ ഓഫീസിൽ ജോലി തരപ്പെടുത്തി. ഈ കാലയളവിൽ തെറ്റിലേക്കും ദുഃസ്വഭാവത്തിലേക്കും മോഹങ്ങളും നന്മയിൽ നിലനിൽക്കുവാനുള്ള ഹൃദയത്തിന്റെ ആഗ്രഹവും തമ്മിൽ ശക്തിയേറിയ വടംവലി നടന്നുകൊണ്ടിരുന്നു. ചിന്തകളാൽ ഭാരപ്പെട്ട് ജീവിതത്തിൽ സമാധാനവും സംതൃപ്തിയും കണ്ടെത്താനാകാതെ സ്വയം ശപിക്കുകയും നിരാശയിലാണ്ടു പോകുകയും ചെയ്തും തത്ഫലമായി മൂന്നുവട്ടം ആത്മഹത്യ ചെയ്യുവാൻ തയ്യാറെടുത്തെങ്കിലും ദൈവം അതിൽനിന്ന് പിന്തിരിപ്പിച്ചു.

വൈകുന്നേരങ്ങളിൽ നാൽക്കവലകളിൽ പ്രസംഗിച്ചിരുന്ന ക്രിസ്തീയ മതപ്രഭാഷകരുടെ ആത്മാർത്ഥത പലപ്പോഴും അദ്ദേഹത്തെ ചിന്തിപ്പിച്ചു എങ്കിലും തരം കിട്ടുമ്പോഴൊക്കെ ക്രിസ്തീയ വിശ്വാസത്തെ കളിയാക്കുവാനും ഈ മതപ്രസംഗകരെ പ്രതിവാദങ്ങളോടെ പ്രതിരോധിക്കുവാനും വാദിച്ച് തോൽപ്പിക്കുവാനും സുഹൃത്തുക്കളോട് ഒരുമിച്ച് ശ്രമിച്ചിരുന്നു. അത്തരം അവസരങ്ങളിൽ ഉയരുന്ന ചോദ്യമായ "ക്രിസ്തുമത ഗ്രന്ഥം വായിച്ചിട്ടുണ്ടോ? അതിലെ ഉള്ളടക്കം ഗ്രഹിക്കാതെ ക്രിസ്തുമതം തെറ്റാണെന്ന് എങ്ങനെ പറയാനാകും?" എന്നിവ തന്നെ ചിന്തിപ്പിക്കുകയും അങ്ങനെ ക്രിസ്തുമതം തെറ്റെന്നു തെളിയിക്കുവാൻ ബൈബിൾ വായിക്കുവാനും ആരംഭിച്ചു. പുതിയ നിയമത്തിലെ സുവിശേഷം വായിക്കുമ്പോൾ തന്നെ അതിലെ സന്ദേശം തന്നെ പിടിച്ചു കുലുക്കുകയും ചെയ്തു. അങ്ങനെ ആദർശ പുരുഷനും സദുപദേശത്തിന്റെ സദ്ഗുരുവും സകലത്തിൽമേലും അധികാരവും ശക്തിയുമുള്ളവനുമായ യേശുവിനെ കർത്താവായി സ്വീകരിച്ചു.

തുടർന്നുള്ള വേദപഠനവും ധ്യാനവും കൂട്ടായ്മകളും ഉദ്ധാരകനായ ക്രിസ്തുവിനെ ജീവിത കേന്ദ്രമാക്കി മാറ്റാനും ക്രിസ്തു സാക്ഷിയായി തീരണമെന്ന അദമ്യമായ ആഗ്രഹവും ഹൃദയത്തിലുണ്ടാക്കി. ഇപ്രകാരമുള്ള വേലയുടെ മദ്ധ്യത്തിൽ തന്റെ കുടുംബാംഗങ്ങളെക്കുറിച്ചുള്ള ഭാരം തനിക്കുണ്ടാകുകയും ക്രിസ്തുവിനെ പങ്കുവയ്ക്കുവാൻ പുറപ്പെടുകയും ചെയ്തു.

**എതിർപ്പുകൾ പീഢനങ്ങൾ**

തന്റെ തറവാടിനു സമീപമുള്ള സി. എം. എസ്. സ്കൂൾ ആരാധനാലയത്തിലെ ഉപദേശി അദ്ധ്യാപകനായിരുന്ന മുണ്ടിയപ്പള്ളി സ്വദേശി കെ. വി. കോശി സാറിന്റെ അടുക്കൽ ആദ്യമെത്തി. അവിടെനിന്ന് സാക്ഷ്യമറിയി

ക്കാൻ സ്വഭവനത്തിലേക്ക് പോയി. മാതാവിനെയും മറ്റു കുടുംബാംഗങ്ങളെ കണ്ട് സാക്ഷ്യമറിയിച്ചപ്പോൾ, വിശ്വാസം വെടിഞ്ഞ് മടങ്ങിവരണമെന്ന് നിർബന്ധിച്ചു. അതിനു താൻ തയ്യാറാകാഞ്ഞപ്പോൾ ഭവനത്തിൽനിന്ന് എത്രയും വേഗം പൊയ്ക്കൊള്ളുവാനും കുടുംബത്തിലെ മറ്റു പുരുഷന്മാർ ഉപദ്രവിക്കുമെന്നതിനാൽ ദൂരദേശത്തേക്ക് പോകുവാനും നിർബന്ധിച്ചു. എന്നാൽ സുവിശേഷം അറിയിച്ചു അവിടെ നിന്നു മടങ്ങി.

ഈ വിവരങ്ങൾ അറിഞ്ഞ അഭ്യസിയായ സഹോദരൻ തന്റെ സ്നേഹിതരോടൊപ്പം ഉപദ്രവിക്കുവാൻ തക്കം പാർത്തിരുന്നു. ഒരവസരത്തിൽ താൻ തനിച്ചിരുന്നപ്പോൾ വഴിയിൽവച്ച് എതിരിടുകയും കുടുംബത്തിന്റെ മാനം കാക്കാൻ അമ്പലക്കുളത്തിൽകുളിച്ച് തൊഴുതു ഭവനത്തിൽ മടങ്ങി വരണമെന്ന് നിർബന്ധിച്ചു. അത് അനുസരിക്കാൻ തയ്യാറാകത്തതിനാൽ "നിന്നെ ജീവിനോടെ വെച്ചേക്കില്ല"എന്ന് ആക്രോശിച്ചുകൊണ്ട് ആക്രമിക്കുകയും മരിച്ചു എന്നു കരുതി വഴിയരികിൽ ഉപേക്ഷിക്കുകയും ചെയ്തു. സന്ധ്യയിങ്കൽ മൃതപ്രായനായ തന്നെ വിളയംകോട് സഭാംഗങ്ങൾ കണ്ടെത്തുകയും താങ്ങി എടുത്ത് ശുശ്രൂഷിച്ച് രക്ഷപ്പെടുത്തുകയും ചെയ്തു.

മറ്റൊരവസരത്തിൽ വൈക്കത്ത് തന്റെ സാക്ഷ്യമറിയിച്ചു കൊണ്ടിരിക്കുമ്പോൾ, ഒരുപറ്റം ഹിന്ദു വിശ്വാസികൾ തന്നെ പിടിച്ചുകൊണ്ടു പോയി പരസ്യവിചാരണയ്ക്കു മുതിരുകയും ദേഹോപദ്രവം ഏൽപ്പിക്കാൻ ശ്രമിച്ചു എങ്കിലും ചില മുതിർന്നവരുടെ സമയോചിതമായ ഇടപെടൽ നിമിത്തം ഒരു പോറലുമേൽക്കാതെ രക്ഷപെടുന്നതിനു ഇടയായി. അവിടെയെല്ലാം കുലുങ്ങാതെ രക്ഷകനായ ക്രിസ്തുവിനുവേണ്ടി നിലനിൽക്കുവാൻ ദൈവം ഇടയാക്കുയും ചെയ്തു.

**പട്ടത്വശുശ്രൂഷയിലേക്ക്**

ദേശത്തു പട്ടക്കാരനായ റവ. ഇ. ജെ. ജോസഫ് അച്ചന്റെ (റവ. ഇ. ജെ. ചാക്കോ അച്ചന്റെ പിതാവ്) പ്രേരണയാൽ ബിഷപ്പ് മൂറിനെ കാണ്ടു അദ്ദേഹം സെമിനാരി വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോദ്ധ്യമാക്കി. 1925ൽ കോട്ടയം സെമിനാരിയിൽ പഠനം ആരംഭിച്ചു. പഠനശേഷം വിവിധ സഭകളിൽ ഉപദേശിയായും തുടർന്ന് പട്ടക്കാരനായും സേവനം ചെയ്തു. എറണാകുളം, കൊല്ലം, ചെങ്ങന്നൂർ, കുമ്പളാംപൊയ്ക, പുന്നവേലി, കാനം, ആർപ്പൂക്കര, എറികാട്, വളഞ്ഞവട്ടം എന്നിവ അവയിൽ ചിലതാണ്. അച്ചന്റെ സഹധർമ്മിണി തുകലശ്ശേരി മഠത്തിപ്പറമ്പിൽ അന്നമ്മയാണ്. ഇവർക്ക് 11 മക്കളുണ്ടായെങ്കിലും 2 പേർ ശിശുപ്രായത്തിൽ നിദ്രപ്രാപിച്ചു.

സത്യനാഥനച്ചന്റെ വിശ്വാസ തീവ്രതയും പ്രാർത്ഥനാശക്തിയും കുറിക്കുന്ന ചില സംഭവങ്ങൾ കൂടി വിവരിക്കട്ടെ. അച്ചൻ കൊല്ലത്ത് ശുശ്രൂഷിക്കുമ്പോൾ ലോകമഹായുദ്ധകാലയളവായതിനാൽ സാമ്പത്തിക ബുദ്ധിമുട്ടും

ക്ഷാമവും അനുഭവപ്പെട്ടു. ഒരു പ്രഭാതത്തിൽ തങ്ങളുടെ പക്കലുള്ള അവസാന തരിയും തീർന്നതിനാൽ ഇനി ഭക്ഷിപ്പാൻ എന്തു ചെയ്യും എന്ന ഭയപ്പാടോടെ കൊച്ചമ്മയും മക്കളും അച്ചന്റെ മുഖത്തേക്ക് നോക്കി വിലപിച്ചു. ദൈവം കരുതിക്കൊള്ളും എന്ന ഉറച്ച മറുപടി അവർക്കായി നൽകി. ഒട്ടും വൈകാതെ ഒരു സൈക്കിളിന്റെ മണിശബ്ദം അവിടെ മുഴങ്ങി, നോക്കുമ്പോൾ പോസ്റ്റുമാൻ ഒരു മണി ഓർഡറുമായി വരുന്നു. ആ കുടുംബത്തിന്റെ ആവശ്യം തീർക്കുവാൻ ദൈവം തക്കസമയത്ത് പ്രവർത്തിച്ചു.

മറ്റൊരു സംഭവം കൂടി കൊല്ലത്തുള്ള ശുശ്രൂഷാമദ്ധ്യേ ഉണ്ടായി. ഒരു ക്രിസ്തുമസ് ദിനത്തിൽ പ്രഭാതാരാധനയ്ക്കുശേഷം മക്കളോടൊപ്പം അച്ചൻ ഊണുമേശയുടെ സമീപത്ത് ഇരിക്കുകയായിരുന്നു. ക്രിസ്തുമസ് വിഭവങ്ങൾ ഒന്നും മേശപ്പുറത്തില്ല. അപ്പോൾ മക്കളുടെ ചോദ്യം "അച്ചാച്ചാ ഇന്നു ക്രിസ്തുമസ് ആയിട്ട് സ്പെഷ്യൽ ഒന്നുമില്ലേ?" അച്ചൻ വിശ്വാസപൂർണ്ണതയിൽ മക്കളോടു പറഞ്ഞു "ദൈവം നമുക്ക് തരും" അല്പസമയം കഴിഞ്ഞപ്പോൾ വാതിലിനൊരു മുട്ട്, തുറന്നു നോക്കുമ്പോൾ ഒരു കുട്ട നിറയെ വിശേഷ പലഹാരങ്ങളും ഭക്ഷണ സാധനങ്ങളും! ചോദിക്കുന്നതിനും നിനയ്ക്കുന്നതിനുമപ്പുറം നൽകിത്തരാൻ ദൈവം മതിയായവനെന്നു അച്ചൻ എപ്പോഴും വിശ്വസിച്ചിരുന്നു.

ഇഹലോക സമ്പത്തുകളെക്കുറിച്ച് അച്ചനൊരിക്കലും വിചാരമില്ലായിരുന്നു. താൻ സകലതും ഉപേക്ഷിച്ച് ക്രിസ്തുവിനുവേണ്ടി ഇറങ്ങിത്തിരിക്കുമ്പോൾ കുടുംബാംഗങ്ങൾ പിൻതിരിപ്പിക്കാൻ ഏറെ ശ്രമിച്ചു. ഭവനത്തിലെ ഓഹരി നൽകുവാൻ അമ്പലക്കുളത്തിൽ കുളിച്ചു വരണം എന്നു പറഞ്ഞപ്പോൾ തന്റെ രക്ഷകനെ തള്ളിപ്പറഞ്ഞ തനിക്കോരോഹരിയും വേണ്ട എന്നു പറയുകയും തന്റെ ഓഹരികൂടെ സഹോദരങ്ങൾ പങ്കിട്ടെടുക്കുവാൻ ആവശ്യപ്പെട്ടുകയും ചെയ്തു. എന്നാൽ ഏറെ നാളുകൾക്കുശേഷം തന്നെ മർദ്ദിച്ച സഹോദരൻ പശ്ചാത്താപത്തോടെ വരികയും ക്ഷമ പറയുകയും കുടുംബ ഓഹരി വേണ്ടെന്നു വയ്ക്കരുതെന്നു ഉപദേശിക്കുകയും ചെയ്തു. തന്റെ അവകാശം ക്രിസ്തുവാണെന്ന് അപ്പോഴെല്ലാം ഉറക്കെ പ്രഖ്യാപിക്കുകയാണുണ്ടായത്. മാത്രമല്ല ഇടവകപ്പട്ടക്കാരനായി പ്രവർത്തിക്കുന്ന ഇടത്തെ 2 ക്ലാസ്സ് പള്ളിക്കൂടം 4 ക്ലാസ്സായി ഉയർത്തേണ്ട സാഹചര്യം വന്നപ്പോൾ കൊച്ചമ്മയ്ക്കു വിവാഹ സമ്മാനമായി ലഭിച്ച വള വിറ്റു സ്കൂളിന്റെ ആവശ്യം നിറവേറ്റി.

തന്റെ സുവിശേഷ തീവ്രത വെളിപ്പെടുത്തുന്ന ഒരു സംഭവംകൂടി വിശദമാക്കാം. അച്ചൻ കാനത്ത് ശുശ്രൂഷിക്കുന്ന കാലഘട്ടം, തന്റെ ഒന്നെമുക്കാൽ വയസ്സുള്ള മകൾക്ക് കഠിനമായ പനിയുണ്ടായി. തന്നാൽ കഴിയാവുന്ന എല്ലാ വൈദ്യശുശ്രൂഷകളും നൽകിയെങ്കിലും പനിക്ക് യാതൊരു കുറവു

മുണ്ടായില്ല. തുടർന്ന് ഉപവാസവും പ്രാർത്ഥനയുമായി കുഞ്ഞിനുവേണ്ടി ദൈവസന്നിധിയിൽ മുട്ടിപ്പായി അപേക്ഷിച്ചു. അടുത്തദിവസം പനി കുറ ഞ്ഞില്ല, എന്നാൽ ഉച്ചയായപ്പോൾ അച്ചൻ കുളിച്ചു എവിടെയോ പോകാൻ തയ്യാറായി രാത്രിയിൽ ഒരിടത്ത് കൺവൻഷന് പ്രസംഗിപ്പാൻ വിളിച്ചിട്ടുണ്ട്. പോകാതിരുന്നാൽ സംഘാടകർക്ക് ബുദ്ധിമുട്ടാകും. ദൈവവചനഘോഷണം തടസ്സപ്പെടും എന്ന് അച്ചൻ പറഞ്ഞു. കൊച്ചമ്മ ദയനീയമായ സ്ഥിതിയിൽ അച്ചനെ നോക്കിയപ്പോൾ അച്ചൻ പറഞ്ഞു. ഈ മക്കളെ ദൈവം നമുക്ക് തരില്ല, താൻ എടുക്കുകയാണെന്ന് പ്രാർത്ഥനയിൽ വെളിപ്പെട്ടു. ഇനി ഞാൻ ഇവിടെ നിന്നിട്ടും കാര്യമില്ല, കർത്താവിന്റെ വേല തടസ്സമില്ലാതെ നടക്ക ണം. (കൺവൻഷനുശേഷം അച്ചൻ മടങ്ങിയെത്തിയ ശേഷമാണ് കുട്ടി മരി ക്കുന്നത്). ഇങ്ങനെ അനേക സംഭവങ്ങൾ അച്ചന്റെ ജീവിതത്തിൽ ഉണ്ടായി ട്ടുണ്ട്.

**ശക്തനായ ആത്മീയ പ്രഭാഷകൻ**

താൻ ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചനാൾ മുതൽ എവിടെ യൊക്കെ അവസരം ലഭിച്ചാലും ക്രിസ്തുവിനെ പ്രഘോഷിക്കുവാൻ അച്ചൻ തൽപരനായിരുന്നു. നാൽക്കവലയിലും കൺവൻഷനുകളിലും പള്ളികളിലും എല്ലാം ക്രിസ്തുവിനെ സാക്ഷിച്ചു. തന്റെ രക്ഷയുടെ ആദ്യനാളുകളിൽ പറ ക്കോട് ചന്തയിൽ നടന്ന കൂട്ടായ്മ യോഗത്തിന് മുന്നോടിയായി 10 മിനിറ്റ് പ്രസംഗിക്കാൻ അവസരം ലഭിച്ചപ്പോൾ, ആത്യതീവ്രതയോടെയുള്ള പ്രസംഗം കേട്ട 50 ഓളം ആളുകൾ തങ്ങളുടെ പാപങ്ങളെ ഏറ്റുപറഞ്ഞ് കർത്താവി ലേക്ക് കടന്നു വരുവാൻ ഇടയായി. തുടർന്ന് താൻ പോകുന്ന എല്ലാ ഇടങ്ങ ളിലും ദൈവം എടുത്ത് ഉപയോഗിച്ചു. ഏറെ സാഹിത്യഭംഗി നിറഞ്ഞ അച്ചന്റെ പ്രസംഗം ഏറ്റം ശ്രദ്ധേയമായിരുന്നു. കൺവൻഷൻ പ്രസംഗിക നെന്ന നിലയിൽ കേരളത്തിലെ വിവിധ ഇടങ്ങളിലും തമിഴ്നാട്ടിലും അനേ കരെ ക്രിസ്തുവിങ്കലേക്ക് നയിക്കുവാൻ അദ്ദേഹത്തിന്റെ സാക്ഷ്യവും പ്രസം ഗവും മൂലം ഇടയാക്കി.

**സാഹിത്യപ്രവർത്തനം**

അച്ചന് ചെറുപ്രായത്തിൽ തന്നെ ലഭിച്ച സാഹിത്യാഭിരുചിയും സർഗ്ഗാ ത്മക വാസനയും എഴുത്തിലേക്ക് അദ്ദേഹത്തെ നയിച്ചിരുന്നു. യൗവ്വന പ്രായ ത്തിൽ ആരംഭിച്ച ഈ വാസന ക്രിസ്തുവിലേക്ക് വന്നതിനുശേഷവും തുടർന്നു പോന്നു. “വിശ്വദീപം” എന്ന പേരിൽ ഒരു ക്രിസ്തീയ മാസിക അച്ചൻ ഏറെക്കാലം പ്രസിദ്ധീകരിച്ചിരുന്നു. പിന്നീട് നിന്നുപോയി. അച്ചൻ രചിച്ച നാല് പുസ്തകങ്ങൾ സി. എൽ. എസ്. ബുക്ക്ഷോപ്പ് പ്രസാധനം ചെയ്തു. മലയാളത്തിൽ ഇദംപ്രഥമമായി വലിയ വെള്ളിയാഴ്ചത്തെ പ്രസംഗം ഉൾക്കൊള്ളിച്ച “ക്രൂശിലെ ഏഴുമൊഴികൾ’ എന്ന ധ്യാനപുസ്തകം

രചിച്ചു. ഇത് ഇന്നും പുസ്തക ശാലകളിൽ പുനർമുദ്രണം ചെയ്ത് ലഭ്യമാണ്. കൂടാതെ "ഞാൻ എങ്ങനെ ക്രിസ്തുവിനെ കണ്ടെത്തി? എന്ന ക്രിസ്താനുഭവം (Auto- biography) ഏറെപ്പേരെ ക്രിസ്തുവിലേക്കാകർഷിക്കാനിടയാക്കി. ഇതുകൂടാതെ അനേകം ലഘുലേഖകളും രചിക്കുകയുണ്ടായി.

**കുടുംബം, മക്കൾ**

സത്യനാഥനച്ചനും അന്നമ്മ കൊച്ചമ്മയ്ക്കും 11 മക്കളായിരുന്നു. ഇതിൽ 2 പേർ ശിശുപ്രായത്തിൽ മരിച്ചുപോയി. ബാക്കി 9 മക്കളും ഉന്നതവിദ്യാഭ്യാസം നേടി വിവിധ ഇടങ്ങളിൽ കുടുംബസ്ഥരായി പാർക്കുന്നു. (തന്റെ രണ്ട് മക്കളെ സുവിശേഷ വേലയ്ക്കായി നൽകുവാൻ അച്ചനു സാധിച്ചു. റവ. ജോർജ് എം. സത്യനാഥൻ നമ്മുടെ മഹായിടവകയിൽ വിവിധ ഇടങ്ങളിൽ പട്ടക്കാരനായി സ്തുത്യർഹമായി സേവനം അനുഷ്ഠിച്ച് നിത്യസ്വസ്ഥതയിൽ പ്രവേശിച്ചു. സിസ്റ്റർ തങ്കമ്മ സത്യനാഥൻ നേഴ്സിംഗ് ഡിഗ്രി സമ്പാദിച്ചശേഷം ബഥേൽ ആശ്രമത്തിന്റെ സിസ്റ്ററായി ഏറെ വർഷക്കാലം പർക്കാൽ മിഷനിൽ പ്രവർത്തിച്ചു. ഇപ്പോൾ റിട്ടയർ ചെയ്ത് തിരുവല്ല ബഥേലിൽ പാർക്കുന്നു.

**ഉപസംഹാരം**

ക്രിസ്തുവിനുവേണ്ടി സകലവും ഉപേക്ഷിച്ച് ദൈവവേല ജീവൻ പോവോളം ചെയ്ത ത്യാഗോജ്വലമായ ജീവിതത്തിന്റെ ഉടമയായിരുന്നു റവ. എം. സത്യനാഥൻ. കുടുംബസമ്പത്തിന്റെ ഒരു ഭാഗം സ്വീകരിക്കുവാൻ സഹോദരൻ പല പ്രാവശ്യം നിർബന്ധിച്ചെങ്കിലും യേശു ക്രിസ്തുവാണു തന്റെ സമ്പത്ത് എന്ന് ഉറക്കെ പ്രഖ്യാപിച്ച് കുടുംബ അവകാശത്തെയും ഓഹരിയെയും ത്യജിച്ചു. പിന്നീട് മകൾ സാമ്പത്തിക ശേഷി ആർജിച്ചപ്പോൾ ഈ ലോകത്തിൽ എനിക്ക് യാതൊരു സമ്പത്തും വേണ്ട എന്ന ഉറച്ച നിലപാടെടുക്കുകയും മരിക്കുവോളം ക്രിസ്തുവിനു വേണ്ടി ഉപേക്ഷിച്ചതെല്ലാം തന്റെ ജീവിതാവസാനം വരെ അകറ്റി നിർത്തുവാനും 86-ാം വയസ്സിൽ (1981ൽ) തന്റെ ഓട്ടം തികച്ച് രക്ഷക സന്നിധിയിൽ ചേർക്കപ്പെടുവാനും ഇടയായി. അച്ചന്റെ ജീവിതം ഇന്നും അനേകർക്ക് ഒരു വെല്ലുവിളിയാണ്. സകലഭാരവും മുറുകെപറ്റുന്ന പാപവും വിട്ട് ലാക്കിലേക്ക് ഓടുവാൻ നമുക്കും അച്ചനെ പോലെ സാധിക്കണം.

(സത്യനാഥൻ അച്ചന്റെ കൊച്ചുമകനായ റവ. ഏബ്രഹാം ജി. സത്യനാഥനാണ് (കറ്റാനം ഇടവക വികാരി) ഈ ജീവിത കഥ രചിച്ചിരിക്കുന്നത്).

# YEAR PLAN 2018

| Programme | Date |
|---|---|
| Sunday School Year begins | 7 January |
| Dedication of Teachers & Students | 7,14 January |
| Peter Cater Scripture Examination | 20 January |
| Parish level PTA meeting | 21 January |
| Annual Meeting | 26 January |
| Zonal Teachers Meeting | 10 February |
| Zonal Teachers Meeting | 13 February |
| Late date to register for VBS Director's Camp | 15 February |
| Regional VBS Training Camp | 19-21 February |
| Sunday School Mission Sunday | 25 February |
| Last Date to order VBS Materials | 05 March |
| Last Date for Sunday School Registration | 14 March |
| VBS Director's Training: Eco Spirituality Centre, Othara | 08-10 March |
| Last Date for Sunday School Registration | 14 March |
| VBS Director's Training- CSI Retreat Centre, Kottayam | 15-17 March |
| Last date to remit of Spl. Collections in Dio. Office | 26 March |
| VBS First Round | 02 April-10/11 April |
| VBS Second Round | 12 April-21 April |
| State Teens Fest-VIBGYOR- EKD | 23-25 April |
| Orientation for Talent Fest Participants | 27-28 April |
| JMA (Junior Missionary Association) Camp | 29 April-01 May |
| Teachers Workshop | 01-02 May |
| Drawing/Painting Workshop | 01 May |
| Orientation for Talent Fest Participants | 06 May |
| State Thalanthuthsav-Kottayam | 11,12 May |
| Junior Students Camp | 17-19 May |
| School Reopening Retreat | 02 June |
| Vijayasthothram Thanksgiving prayer | 03 June |
| Local Sunday School Level Theme study | 03 June |
| Last Date to update Sunday School Students' Registration | 30 June |
| Last date to submit entry for Best Sunday School Award | 30 June |

| | |
|---|---|
| Last Date to submit entry for Class X & XII Award | 30 June |
| Last date to submit entry for Theme based Poster Competition | 03 July |
| Half Yearly Examination | 15 July |
| *Balajanapperunnal* Week | 12-19 August |
| *Balajanapperunnal* | 19 August |
| Late date to submit *Kaiyyezhuthu Masika* | 22 August |
| Senior Students Camp | 22-24 August |
| Prathibha Sangamam | 24 August |
| State Thalanthuthsavam-Kottayam | 27 August |
| Regional Teachers Training Camp- | 20-22 September |
| Last Date to submit Kuwait/ Muscat Scholarship application | 30 September |
| Last Date to submit entry for Diocesan Competition | 04 October |
| Diocesan Competition | 13 October |
| World Sunday School Day & Sunday School Sunday | 04 November |
| Annual Examination | 25 November |
| Parish Level Paper Valuation Camp | 01/02 December |
| Day for New Class Division | 02 December |
| Last Day to order Sunday School Books | 04 December |
| Submission of Annual Exam Mark list & Answer sheets | 04 December |
| Preparation for SS Anniversary | 09,16,23 |
| December | |
| Diocesan Teachers Examination | 09 December |
| Submission of Teachers Examination Answer Sheets | 11December |
| Headmasters' Meeting | 15 December |
| Sunday School Christmas Programme | 16 December |
| Mission Exposure "Mission Darsan" | 25-30 December |
| Merit Examination | 30 December |
| New Sunday School Year Begins | 06 January 2019 |
| Dedication of Sunday School Teachers & Students | 06, 13 January '19 |
| Centralized Paper Valuation-Merit & Teachers Exam | 12 January 2019 |
| Peter Cater Scripture Examination | 19 January 2019 |
| Sunday School PTA Meeting | 20 January 2019 |
| Diocesan Sunday School Annual Day | 26 January 2019 |
| Retreat for X & XII students | 09 February 2019 |

# മഹായിടവക സൺഡേസ്കൂൾ
# സീനിയർ ക്യാമ്പ് 2018

| | | |
|---|---|---|
| സ്ഥലം | : | സി. എസ്. ഐ. റിട്രീറ്റ് സെന്റർ, കോട്ടയം |
| തീയതി | : | 2018 ഓഗസ്റ്റ് 22, 23, 24 |
| സമയം | : | ഓഗസ്റ്റ് 22 ബുധനാഴ്ച ഉച്ചകഴിഞ്ഞ് 4 മണി മുതൽ ഓഗസ്റ്റ് 24 വെള്ളി ഉച്ചയ്ക്ക് 1 മണി വരെ |
| ചിന്താവിഷയം | : | നിങ്ങൾ ക്രിസ്തുവിന്റെ പത്രം (2കൊരി. 3:3)<br>You are a Letter of Christ |
| ക്യാമ്പ് ഫീസ് | : | 250 രൂപ |
| പ്രായപരിധി | : | 13 മുതൽ 18 വയസ്സുവരെ<br>ഒരു സഭയിൽനിന്നും പരമാവധി 7 പേർ |

## പ്രത്യേകതകൾ

ഗാനപരിശീലനം, ചിന്താവിഷയം പഠനം, വ്യക്തിത്വവികസനം, ബൈബിൾ പഠനം, ഗെയിംസ്, മിഷനറി ചലഞ്ച്, ഫിലിം ഷോ, ടാലന്റ് നൈറ്റ്.

N.B.:

1. പങ്കെടുക്കുന്നവരുടെ എണ്ണം ഓഗസ്റ്റ് 18നകം അറിയിക്കണം.
2. ക്ലാസ്സ് 10, 12 അവാർഡ് ക്യാമ്പിൽവെച്ച് നൽകുന്നതാണ്.